പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1778. 25-03-2013-ൽ മറുപടിക്ക്.

## മാഹിയിൽ നിന്നും അനധികൃതമായി കടത്തുന്ന വിദേശമദ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മാഹിയിൽ നിന്നും അനധികൃതമായി കടത്തുന്ന വിദേശമദ്യം പിടിക്കുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിക്കുന്ന നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | മാഹിയിൽ നിന്നും വിദേശമദ്യം കടത്തുന്നത് തടയാൻ, കോഴിക്കോട് ജില്ലാ അതിർത്തിയായ അഴിയൂരിലും, കണ്ണൂർ ജില്ലാ അതിർത്തിയായ ന്യൂ മാഹിയിലും എക്സൈസ് ചെക്ക്പോസ്റ്റുകൾ പ്രവർത്തിച്ച്, വാഹനപരിശോധന കാര്യക്ഷമമായി നടത്തി വരുന്നു. മലപ്പുറം ജില്ലയിൽ, പരപ്പനങ്ങാടി, തിരൂർ, കുറ്റിപ്പുറം എന്നീ റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചും, വയനാട് ജില്ലയിൽ പക്രന്തളം റോഡിലും വാഹന പരിശോധന ശക്തമായി നടത്തുന്നു. കൂടാതെ, 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ്, അതിർത്തി പ്രദേശങ്ങളിലും ഹൈവേകളിലും ഊടുവഴികളിലും വാഹന പരിശോധന നടത്തി വരുന്നു. |
| (ബി) 2011-12, 2012-13 വർഷങ്ങളിൽ ഇപ്രകാരം കടത്തിയ എത്ര ലിറ്റർ വിദേശമദ്യം പിടിച്ചെടുത്തിട്ടുണ്ട്; | (ബി) | 2011-12-ൽ 1952.57 ലിറ്ററും, 2012-13-ൽ 1981.775 ലിറ്ററും വിദേശമദ്യം പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ? | (സി) | 261 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ